നം.കെഎസ്എ-കെടിഎം.പി.2-1927/2016 തീയതി :19.12.2016

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-2-2016 മുതൽ 31-10-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1-2-2016 മുതൽ 31-7-2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-12-2016 മുതൽ 8-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ . |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ.കെ.ജെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.ടോമി മാടപ്പള്ളി<br>ശ്രീമതി.ഷൈനി സന്തോഷ്. | 01.04.15 മുതൽ 11-11-2015 വരെ<br>12-11-15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി.എൽസമ്മ ജോസഫ്,സെക്രട്ടറി ഇൻ ചാർജ്<br>ശ്രീമതി.ഷൈല ഗോപാൽ | 1.4.15 മുതൽ 29-7-15 എഫ്.എൻ.വരെ<br>29-7-15 എ.എൻ മുതൽ<br>31-3-16 വരെ. |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എ.റഫീഖ് | 1.4.15 മുതൽ 31.3.16 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.റോസമ്മ എബ്രഹാം. | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു.കെ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.ബിനു ഡാർവിൻ.പി | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഷാജു. | 1.4.15 മുതൽ 31-3-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അല്ലി.കെ.കെ. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദ. | ഡോ.പദ്മനാഭൻ. | 1-4-15 മുതൽ 31-3-16വരെ |
| അസി.എൻജിനീയർ | ശ്രീമതി സന്ധ്യ.ആർ.നായർ.<br>ശ്രീമതി ദയ പുരുഷോത്തമൻ. | 1-4-15 മുതൽ 4-5-15വരെ.<br>5-5-15 മുതൽ 31-3-16 വരെ. |
| അസി.സെക്രട്ടറി. | ശ്രീമതി എൽസമ്മ ജോസഫ്. | 1-4-15 മുതൽ 31-3-16 വരെ. |
| മെഡിക്കൽ ഓഫീസർ,ഹോമിയോ. | ഡോ.സാജൻ ചെറിയാൻ. | 1-4-15 മുതൽ 31-3-16 വരെ. |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ |
| 2-3 | കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല |
| 2-4 | ബി.എസ്.എൻ.എൽ. ജീവനക്കാരുടെ തൊഴിൽ നികുതി നാളിതുവരെ ലഭിച്ചില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 3-1 | ജീവനക്കാരുടെ സ്ഥലംമാറ്റം--അധിക ശമ്പളം നൽകി |
| 3-2 | മതിയായ രേഖകൾ ഇല്ലാതെ കണ്ണട അലവൻസ് നൽകിയത് |
| 3-3 | അനുപൂരക പോഷകാഹാര പദ്ധതി ഗ്യാസ്, പച്ചക്കറി വില അധികം പിൻവലിച്ചു |
| 3-4 | എസ്.ജി.ആർ.വൈ. അക്കൗണ്ട് ക്ലോസ് ചെയ്തത് |
| 3-5 (എ) | തൊഴിലുറപ്പ് പദ്ധതി--അവലോകനം |
| 3-5 (ബി) | തൊഴിലുറപ്പ് പദ്ധതി--റോഡ് നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിക്കുന്നില്ല |
| 3-6 | ആശ്രയ |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 3 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 4 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19-3-2015 തിയതിയിലെ 1)ം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4623367 |
| വരവ് | 80550000 |
| ആകെ | 85173367 |
| ചെലവ് | 79952000 |
| നീക്കിയിരിപ്പ് | 5221367 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 13.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 2-12-2016 | ---- |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14565328 |
| വരവ് | 38134011 |
| ആകെ | 52699339 |
| ചെലവ് | 47606091 |
| നീക്കിയിരുപ്പ് | 5093248 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് RP-40 (b) |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1774058 | 3408836 | 10074174 | 10074174 | -(+)4891280 | 0 |
| വികസനഫണ്ട് എസ്.സി.പി. | 844617 | 1112006 | 1692006 | 1692006 | (-)264617 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 499040 | 921774 | 1321161 | 1321161 | (-) 99653 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3023 | 1196107 | 1199130 | 1199130 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 409373 | 2335308 | 2744681 | 2744681 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1285009 | 5204837 | 4603743 | 4603743 | (-)1886103 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2640907 | 2640907 | 2640907 | 2640907 | (-)2640907 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 29840414 | 130 | 26351392 | | 24 | 84 |

പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കിയ 2015-16 വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ നേട്ട കോട്ടവിശകലനങ്ങൾ ചുവടെ ചേർക്കുന്നു.

നേട്ടങ്ങൾ

ഉല്പാദനമേഖലയിൽ കാലിത്തീറ്റ വിതരണം, പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, കർഷകർക്ക് ഗ്രോബാഗ് വിതരണം,മുട്ടക്കോഴി വിതരണം, ആടുവിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയതിലൂടെ കാർഷിക മൃഗപരിപാലന മേഖലകളിൽ ഉല്പാദനവർധനവും അതുവഴി നിരവധിയാളുകളുടെ സാമ്പത്തിക-ജീവിതനിലവാര ഉയർച്ചയും ഉണ്ടായി.

അങ്കണവാടിപോഷകാഹാരം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, വീടുകളുടെ പുനരുദ്ധാരണം, അങ്കണവാടികളുടെ മെയിന്റനൻസ്, കുട്ടികൾക്ക് പഠനോപകരണം, വിവാഹധനസഹായം തുടങ്ങിയ സേവനമേഖലയിലെ പ്രോജക്ടുകളിലൂടെ ദുർബല ജനവിഭാഗങ്ങളുൾപ്പെടെയുള്ള വലിയവിഭാഗം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.

അനവധി റോഡുകളുടെ കോൺക്രീറ്റിംഗ്, റോഡുകളുടെ സംരക്ഷണഭിത്തിനിർമാണം, വെയ്റ്റിംഗ് ഷെഡ്ഡുകളുടെ നിർമാണം, പട്ടികജാതി കോളനികളിൽ നടപ്പാത തുടങ്ങിയ പ്രോജക്ടുകളിലൂടെ പഞ്ചായത്തിലെ ദുർഘടമായ പ്രദേശങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുകയും പ്രസ്തുത പ്രദേശങ്ങളുടെ വികസനത്തെ സഹായിക്കുകയും ചെയ്തു.

കോട്ടങ്ങൾ.

അംഗീകാരം ലഭിച്ച എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയില്ല എന്നതാണ് പ്രധാനപ്പെട്ട ഒരു പോരായ്മ.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വൈവിദ്ധ്യമില്ലായ്മയാണ് മറ്റൊരു അപാകത.

സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾക്കായി 149593 രൂപ മുടക്കി ഫർണിച്ചർ വാങ്ങിയെങ്കിലും ഇപ്പോഴും പഞ്ചായത്തോഫീസിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നതിൽ നിന്ന് ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഇനിയും തുടങ്ങിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

ലഭ്യമാകുന്ന ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിനാൽ പല പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനും പ്രോജക്ടിന്റെ ലക്ഷ്യപൂർത്തീകരണവും സാധിക്കുന്നില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 857040 | 854270 | -2770 | (-) 0.32 |
| നികുതിയേതര വരവുകൾ | 1655930 | 1815346 | 159416 | (+) 9.63 |
| മറ്റുവരവുകൾ (പൊതു ഉദ്ദേശ്യ ഗ്രാന്റ്) | 5365873 | 5680666 | 314793 | (+) 5.87 |

| | | | | |
|---|---|---|---|---|
| ആകെ | 7878843 | 8350282 | 471439 | (+) 5.98 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42960 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 2014530 | 247 |
| വിധവാപെൻഷൻ | 5588640 | 436 |
| വാർദ്ധക്യകാലപെൻഷൻ | 5918310 | 321 |
| വികലാംഗപെൻഷൻ | 1973300 | 173 |
| 50വയസ്സിന് മേലുള്ള അവിവാഹിതപെൻഷൻ | 491240 | 52 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-12-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 465.രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം 2015-16 ൽ പൊതുവേ മെച്ചപ്പെട്ടിരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.ഫ്രണ്ട് ഓഫിസ് പ്രവർത്തനം,വിവിധ കമ്മിറ്റിയോഗനടപടികൾ,മിനിറ്റ്സ് ബുക്കുകളുടെ സൂക്ഷിപ്പ്,വിവിധ ഓഫീസ് സെക്ഷനുകളിലെ രജിസ്റ്ററുകൾ,രേഖകൾ,വൗച്ചറുകൾ എന്നിവയുടെ പരിപാലനം എന്നിവയിൽ മെച്ചപ്പെട്ട നിലവാരം സൂക്ഷിക്കുകയുണ്ടായി.എന്നാൽ ഗ്രാമസഭാ മിനിറ്റ്സ് സൂക്ഷിപ്പിൽ മതിയായ ശ്രദ്ധ ചെലുത്തുകയുണ്ടായില്ല.

തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി തുകചെലവഴിക്കുകയും മീറ്ററുകൾ സ്ഥാപിക്കുകയും ചെയ്തുവെങ്കിലും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിൽ കുറവുണ്ടാകുന്നതിന് പകരം കൂടുകയാണുണ്ടായത്.വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പരാജയമാണ്.

വിവിധ കമ്മിറ്റികൾക്കും മറ്റുമായി ഭക്ഷണവും ,ചായയും ലഭ്യമാക്കുന്ന ഹോട്ടലിൽ നിന്ന് ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നിലവിൽ തുക നല്കുന്നത് .പഞ്ചായത്തിൽ നിന്ന് ഓർഡർ നല്കി വിവരം ഒരു രജിസ്റ്ററിൽ ചേർത്ത് ഹോട്ടൽബില്ലുമായി താരതമ്യം നടത്തി തുക നല്കുന്ന സമ്പ്രദായം നടപ്പാക്കാത്തത് ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-11-16 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/2012 | 2010-11 | 7-12-12 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

1)ജി ഒ (എം എസ്) 152/2011/ ത.സ്വ.ഭ.വ തീയതി 26.7.2011നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)രസീത് & പേമെന്റ് പത്രികയുടെ 31-ാം ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ വരവിലും ചെലവിലും വ്യത്യാസമില്ലെങ്കിലും വികസനഫണ്ട്- പൊതുവിഭാഗത്തിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും വരവ്/ ചെലവ് വിവരങ്ങൾ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല

## 2-2 വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള (സംയുക്ത ഉടമസ്ഥതയിലുള്ള ഒറ്റകെട്ടിടം) ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് ,വിലാസം | കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി | നിർണ്ണയിക്കേണ്ടി യിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|
| പി.ജെ സെബാസ്റ്റ്യൻ പറയങ്കുഴിയിൽ | 1/629B<br>1/629C<br>1/629D<br>1/629E<br>1/629F<br>1/629G<br>1/629H<br>1/629I<br>1/629J | 21<br>21<br>21<br>21<br>21<br>31.5<br>21<br>21<br>21<br>ആകെ<br>199.5 | (21x30=630+20% വർദ്ധനവ്=756)<br>756+38<br>756+38<br>756+38<br>756+38<br>756+38<br>1134+57<br>756+38<br>756+38<br>756+38<br>ആകെ<br>7182+361 | (199.5x50=9975+20% വർദ്ധനവ്=11970)<br>11970+599 | 4788+238 |
| ത്രേസ്യാമ്മ തോമസ് പെരുമ്പള്ളിൽ | 1/639A<br>1/639B<br>1/639C | 35.19<br>35.19<br>35.19ആകെ<br>105.57 | (35.19x30=1056+20% വർദ്ധനവ്=1267)<br>1267+64<br>1267+64<br>1267+64<br>ആകെ<br>3801+192 | (105.57x50=5279+20% വർദ്ധനവ്)<br>6335+317 | 2534+125 |
| ബേബി സെബാസ്റ്റ്യൻ വയലിക്കുന്നേൽ | 46G<br>46H<br>46I<br>46J<br>46K<br>46E<br>46L | 16.5<br>16.5<br>16.5<br>16.5<br>16.5<br>17<br>73.88<br>ആകെ<br>173.88 | (16.5x30=495+10% വർദ്ധനവ്)<br>545+28<br>545+28<br>545+28<br>545+28<br>545+28<br>561+29<br>2439+122<br>ആകെ<br>5693+291 | (173.88x50=8694+10% വർദ്ധനവ്)<br>9563+478 | 3870+187 |

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി

പ്രത്യേകമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(എ) വകുപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ടി വകുപ്പ് രണ്ടാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ടി വകുപ്പ് ഏഴാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷികവസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിയമപ്രകാരം വെവ്വേറെ ഉപയോഗങ്ങളോ ഘടകങ്ങളോ ഉള്ളതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെതന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ്. എന്നാൽ തക്കതായ കാരണങ്ങൾ എന്താണെന്ന് പ്രത്യേകം നിർവചിക്കപ്പെട്ടിട്ടില്ല. നിർവചിക്കപ്പെടാത്ത കാരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മേധാവിക്ക് സ്വയം കണ്ടെത്താൻ കഴിയുകയുമില്ല. ഓരോ കടമുറികളും പ്രത്യേകം വാടകയ്ക്ക് നൽകുന്നു എന്നത് ഒരു കാരണമായി കണക്കാക്കാനും കഴിയുകയില്ല.

ഈ സാഹചര്യത്തിൽ സൂചിത കെട്ടിടങ്ങളുടെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്തിന്റെ പൊതു താത്പര്യം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-3 കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ശ്രീ.മാത്യു ജോർജ്,വള്ളിക്കാപ്പിൽ,പെരിങ്ങളംഎന്നവ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/135Aഎന്ന കെട്ടിടത്തിന് 18-5-2013-ൽ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹോംസ്റ്റേ ആയി പ്രവർത്തിക്കാൻ 1/2013നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടം (246.52ച.മീ)പാർപ്പിടാവശ്യം എന്ന ഗണത്തിൽപെടുത്തി 5/-നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.സ.ഉ.(അ)നമ്പർ 36/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 24.2.2015 പ്രകാരം (14.01.2011 തീയതിയിലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പറിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിന് പുറപ്പെടുവിച്ച ഭേദഗതി ഉത്തരവ്) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 30 രൂപ മുതൽ 60 വരെ നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇവയുടെ നിരക്ക് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നില്ല.പ്രസ്തുത കെട്ടിത്തിന്റെ വിശദാംശങ്ങൾ ഹോംസ്റ്റേകളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുമില്ല. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിനു വിധേയമായി വസ്തുനികുതി പരിഷ്കരിച്ച് ഈടാക്കേണ്ടതുമാണ്.

## 2-4 ബി എസ് എൻ എൽ- ജീവനക്കാരുടെ തൊഴിൽനികുതി നാളിതുവരെ ലഭിച്ചില്ല

ബി എസ് എൻ എൽ, പൂഞ്ഞാർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2015-2016 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതിയിനത്തിൽ 8750/-രൂപ ചെക്ക് നമ്പർ 81670811/26.8.2015 പ്രകാരം അക്കൗണ്ട്സ് ഓഫീസർ, കോട്ടയത്തുനിന്ന് 3.10.2015ൽ ഗ്രാമപഞ്ചായത്തിൽ തപാലിൽ ലഭിച്ചിരുന്നു. നികുതി പിഴ കൂടാതെ ഒടുക്കേണ്ട സമയപരിധി കഴിഞ്ഞതിനാൽ പ്രതിമാസം 2% നിരക്കിൽ പലിശ ഒടുക്കേണ്ടതാണെന്ന നിർദ്ദേശവുമായി ചെക്ക് തിരികെ അയച്ചതിനെ തുടർന്ന് പലിശ 525/-രൂപ സഹിതം വീണ്ടും അതേ ചെക്ക് 23.11.2015ൽ ലഭ്യമാക്കി. ഈ ചെക്ക് അന്നേ ദിവസം പൂഞ്ഞാർ സർവീസ് സഹകരണ ബാങ്കിൽ കളക്ഷന് അയച്ചുവെങ്കിലും ചെക്കിന്റ കാലാവധി കഴിഞ്ഞതിനാൽ പണമാക്കുന്നതിന് സാധിച്ചില്ല. തുടർന്ന് ഇതു സംബന്ധിച്ച് നിരവധി കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ ഈ തുക ലഭിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് 8750/-രൂപ നഷ്ടം സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 1-ാംനമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ തൊഴിൽനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായ 8750/-രൂപ ബി എസ് എൻ എൽ അധികാരികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജീവനക്കാരുടെ സ്ഥലംമാറ്റം-അധികശമ്പളം നല്കി.

ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്കായിരുന്ന ശ്രീ.പി.സി.മണിയപ്പന് 5-9-15 ൽ സ്ഥലംമാറ്റം ലഭിച്ചപ്പോൾ 1-9-15 മുതൽ 4-9-15 വരെയുള്ള ശമ്പളം നല്കകയുണ്ടായി.16980+ഡി.എ.86%+ എച്ച്.ആർ.എ 250 എന്നാണ് ടി യാന്റെ ശമ്പള നിരക്ക്.

തുക നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

നല്കിയത്: 2323 +1998 +33 = 4354

അർഹമായത് :2264+1947+33 =4244

അധികം =110

ഓഫീസ് അറ്റൻഡന്റായ ശ്രീമതി അനീസ.വി.എച്ച് ന് സ്ഥലം മാറ്റം ലഭിച്ചപ്പോൾ 1-12-15 മുതൽ 8-12-15 വരെയുള്ള ശമ്പളം ചുവടെ ചേർക്കും പ്രകാരം നല്കിയപ്പോഴും അധികതുക നല്കിയിട്ടുണ്ട്.(നിരക്ക്-9940 + 8548 +250)

നല്കിയത് : 2650 +2438 + 66 =5154

അർഹമായത് :2565+2206+65 =4836

അധികം=318

വൗച്ചർ നം-(21500676/30/12/15)

ഇപ്രകാരം ജീവനക്കാർക്ക് നല്കിയ അധികതുക 110 + 318=428/ ടി ജീവനക്കാരിൽ നിന്നീടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 3-2 മതിയായ രേഖകൾ ഇല്ലാതെ കണ്ണട അലവൻസ് നല്കിയത്.

ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറി ശ്രീമതി.എൽസമ്മ ജോസഫ്,സീനിയർ ക്ലർക്ക് ശ്രീ.ഷിനു ജോർജ് എന്നിവർക്ക് കണ്ണട അലവൻസ് ഇനത്തിൽ 1000/ രൂപവീതം ആകെ 2000/രൂപ വൗച്ചർ നം.21500579/11.11.2015 പ്രകാരം നല്കിയിട്ടുണ്ട്.(ചെക്ക് നം.1602/11.11.15).

എന്നാൽ സർക്കാർ ആശുപത്രിയിൽ പരിശോധന നടത്തിയത് സംബന്ധിച്ച ഒ.പി.ടിക്കറ്റ്,ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ,എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 2000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 അനുപൂരക പോഷകാഹാര പദ്ധതി --ഗ്യാസ്,പച്ചക്കറി വില അധികംപിൻവലിച്ചു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി അങ്കണവാടി അനുപൂരകപോഷകാഹാര പദ്ധതി (പ്രൊജക്ട് നമ്പർ 6/16)നടപ്പാക്കിയപ്പോൾ 2015 ഒക്ടോബർ മാസത്തെ ഗ്യാസ്,പച്ചക്കറി ചെലവു തുകകൾ രണ്ടു തവണ പിൻവലിച്ചിട്ടുള്ളതായി കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ/തീയതി | തുക | ഗ്യാസ്,പച്ചക്കറി ചെലവുകൾ |
|---|---|---|
| 6/15-16,28-11-15 | 81818/- | 9/15 മാസത്തെ ഗ്യാസ്--3104/-<br>9/15മാസത്തെ പച്ചക്കറി-4731/- |

| | | |
|---|---|---|
| | | 10/15മാസത്തെ ഗ്യാസ്--2275/-<br>10/15മാസത്തെ പച്ചക്കറി-3662/-<br>ആകെ-13772/- |
| 9/15-16,20-1-16 | 301675/- | 10/15മാസത്തെ ഗ്യാസ്--2275/-<br>10/15മാസത്തെ പച്ചക്കറി-3662/-<br>11/15മാസത്തെ ഗ്യാസ്-4069/-<br>11/15മാസത്തെ പച്ചക്കറി-6171/-<br>ആകെ-16177/- |

ഇപ്രകാരം 10/15മാസത്തെ ഗ്യാസ്,പച്ചക്കറി ചെലവു തുകകൾ രണ്ടു തവണ പിൻവലിച്ചിട്ടുള്ളതിനാൽ പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 5937/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 10പ്രകാരം നിർവ്വഹണോദ്യോഗസ്ഥയോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി ചെലവഴിച്ച 5937/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 എസ്.ജി.ആർ.വൈ അക്കൗണ്ട് ക്ലോസ് ചെയ്തത്.

ഈരാറ്റുപേട്ട സബ് ട്രഷറിയിലെ റ്റി.പി.എ.123 എന്ന അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ എസ്.ജി.ആർ.വൈ കണക്കുകളുമായി ബന്ധപ്പെട്ടതാണ്.സബ് ട്രഷറി ഓഫീസറുടെ 6-6-2015 ലെ A4/2015 നമ്പർ കത്തിൽ 2004 മുതൽ ഈ അക്കൗണ്ട് നിഷ്ക്രിയമാണെന്നതിനാൽ ബാക്കിയുള്ള 9129/ രൂപ റവന്യൂ ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ തുക ലാപ്സ് ആയതായും അക്കൗണ്ട് ക്ലോസ് ചെയ്തതായും അറിയിക്കുകയുണ്ടായി .

19-1-2016-ലെ 21500744 നമ്പർ വൗച്ചർ ലാപ്സായ ഈ 9129/ രൂപയുടേതാണ്.എസ്.ജി.ആർ.വൈ പദ്ധതി നിർത്തൽ ചെയ്തതിനാൽ അക്കൗണ്ടിൽ ബാക്കിയുള്ള തുക ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലേക്ക് അടയ്ക്കണമെന്ന് 2007 ൽ സർക്കാർ നിർദേശിച്ചിരുന്നതാണ്.

സർക്കാർ നിർദേശം യഥാസമയം പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതാണ് ഇപ്രകാരം തുക റവന്യൂഡെപ്പോസിറ്റിലേക്ക് മാറ്റി അക്കൗണ്ട് ക്ലോസ് ചെയ്യാൻ ഇടവരുത്തിയത്. ഭരണവകുപ്പിന്റെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-5 -1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ 2084 പേർ തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16വർഷം 574 വ്യക്തികൾ തൊഴിലിന് അപേക്ഷിക്കുകയും,അത്രയും പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. തൻവർഷം 100തൊഴിൽ ദിനങ്ങൾ ലഭിച്ചത് മൂന്ന് പേർക്ക് മാത്രമാണ്. ആകെ 115പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും 78 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. 3 പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ട്. 2015-16 വർഷത്തെ വരവ്, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 00 | 2391341 | 2391341 | 2391341 | 00 |

## 3-5 -2 തൊഴിലുറപ്പ് പദ്ധതി--റോഡ് നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശം

പൂർണ്ണമായും പാലിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിലൂടെ റോഡ് നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ ആയത് സംബന്ധിച്ച സ.ഉ.(സാധാ)നം.334/2012 തീയതി 2-2-12പ്രകാരമുള്ള മാർഗനിർദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല.പ്രസ്തുത നിർദ്ദേശങ്ങളിലെ ക്രമ നമ്പർ (6)പ്രകാരം റോഡ് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആകെ തൊഴിൽ-സാധന സാമഗ്രി അനുപാതം 60:40എന്നതിൽ അധികരിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ നടത്തിയപ്പോൾ ആയത് പാലിച്ചിട്ടില്ല.

| പദ്ധതി | തൊഴിൽ ചെലവ് | സാധനസാമഗ്രികളുടെ ചെലവ് | ചെലവ് ചെയ്ത അനുപാതം |
|---|---|---|---|
| മുരിങ്ങപ്പുറം-ചെമ്പത്താംകുഴി റോഡ് | 67177 | 199067 | 25:75 |
| കടലാടിമറ്റം – തൊട്ടിപ്പാറ റോഡ് | 90483 | 201017 | 31:69 |
| ചോലത്തടം-അണ്ണങ്ങുംപടി റോഡ് | 154026 | 336217 | 31:69 |
| പൂഞ്ഞാർ-പരപ്പാന്തറ റോഡ് | 134580 | 333897 | 28:72 |
| പാതാമ്പുഴ-അരുവിക്കച്ചാൽ റോഡ് | 89007 | 200187 | 30:70 |

പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ

ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ ഭാഗമായി തൻവർഷം പ്രധാനമായി ഭക്ഷണവിതരണമാണ് നടത്തിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് വിവാഹധനസഹായവും അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിൽ ഭവനപുനരുദ്ധാരണത്തിന് മാത്രമാണ് (വി ഇ ഒ മുഖേന) തുക അനുവദിച്ചത്. ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി സ്ഥലം വാങ്ങൽ/ ഭവനനിർമ്മാണത്തിന് അർഹരായ നിരവധി ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽനിന്ന് വികസനഫണ്ട് അനുവദിക്കാത്തതിനാൽ ഭവന നിർമ്മാണം നടത്തിയിട്ടില്ല. കുടുംബശ്രീ ജില്ലാമിഷനിൽ നിന്ന് അനുവദിക്കുന്ന ചലഞ്ച് ഫണ്ട് വിഹിതം ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടി മാത്രമാണ് വിനിയോഗിക്കുവാൻ സാധിക്കുകയെന്നിരിക്കേ, ഭരണസമിതി അംഗീകരിച്ച ആക്ഷൻപ്ലാനിൽ അടിസ്ഥാന സൗകര്യവികസനത്തിന് വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം അനുവദിക്കാത്തത് ക്രമപ്രകാരമല്ല. ആയതിനാൽ, ആക്ഷൻപ്ലാനിൽ വിഭാവനം ചെയ്ത നിരക്കിൽ സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങൽ/ ഭവനനിർമ്മാണത്തിന് വികസനഫണ്ട് അനുവദിക്കുന്നതിനും എ ഡി എസ് മുഖാന്തിരം പ്രവൃത്തി നടപ്പാക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. - ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .- ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. -ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15000/- രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനവായ്പ്പ | ജി.ഒ.(ആർ.ടി.)1317/10 /തസ്വഭവ/16.04.10 | 3383805 | 314905 | 329905 | - | ഇല്ല |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38134011 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47606091 |
| വരവിനങ്ങളിലുള്ള നഷ്ടം | 8750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6365 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 8750 | | ശ്രീമതി ഷൈല ഗോപാൽ, സെക്രട്ടറി |
| 3-1 | | 428 | |
| 3-3 | | 5937 | ശ്രീമതി അല്ലി കെ.കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2000 | ശ്രീമതി ഷൈല ഗോപാൽ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈല ഗോപാൽ, സെക്രട്ടറി | സെക്രട്ടറി,<br>മണർകാട് ഗ്രാമപഞ്ചായത്ത് | കുന്നത്തുപറമ്പിൽ(വീട്),<br>കാഞ്ഞിരമറ്റം പി.ഒ,<br>തൊടുപുഴ (ഈസ്റ്റ്)-<br>685585 |
| ശ്രീമതി അല്ലി കെ.കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ,<br>പൂഞ്ഞാർ തെക്കേക്കര<br>ഗ്രാമപഞ്ചായത്ത് | വടക്കേതിൽ വീട്,<br>നടയ്ക്കൽ പി.ഒ,<br>ഈരാറ്റുപേട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ ഓഫീസിൽനിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.7/557/00/3.6.02 |
| 1998-99(ചെലവ്) | നം.എൽ.എഫ്.കെ.പി.4/960/അദാ.ജി.6/2011/25.8.11 |
| 1999-00, 2000-01, 2001-2002(പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/ 910/03/ 25.1.05 |
| 2001-02 | നം.എൽ.എഫ്.കെ.പി 1/960/അദാ.ജി.6/11/23.2.2011 |
| 2002-03 | നം.എൽ.എഫ്.കെ.പി.1/960/അദാ.എ4/11(2)/25.8.11 |
| 2003-04ചെലവ് | നം.എൽ.എഫ്.കെ.പി.1/960/അദാ.ജി.6/11/23.2.2011 |
| 2004-05 | നം.എൽ.എഫ്.കെ.പി. 1/960/അദാ.എ4/11(2)/25.8.11 |
| 2006-07 | നം.എൽ.എഫ്.കെ.പി. 2/1241/11/1.12.11 |
| 2007-08 | നം.എൽ.എഫ്.കെ.പി2 /1310/13/24.10.13 |
| 2008-09 | നം.എൽ.എഫ്.കെ.പി.2/1311/13 /24.10.13 |
| 2009-10 | നം.എൽ.എഫ്.കെ.പി.2/ 1312/ 26.3.14/31.3.14 |
| 2010-11 | നം.എൽ.എഫ്.കെ.പി2 /189/13/3.4.13/2.5.13 |
| 2011-12,12-13 | നം.എൽ.എഫ്.കെ.പി2/173/2015/8.5.15 |
| 13-14 & 14-15 | കെഎസ്എ-കെടിഎം.പി.2-713/16/05.09.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം.പി.2-1927/2016 തീയതി -19.12.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം